പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2304

23.03.2012-ൽ
മറുപടിയ്ക്ക്

## ചേന്നം പള്ളിപ്പുറം പഞ്ചായത്തിൽ വ്യവസായ വികസന കേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ് : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പമന്ത്രി) |
| (എ) അരൂർ മണ്ഡലത്തിലെ ചേന്നം പള്ളിപ്പുറം പഞ്ചായത്തിൽ വ്യവസായ വികസന കേന്ദ്രത്തിനായി എത്ര ഏക്കർ ഭൂമിയാണ് ആകെ ഏറ്റെടുത്തത്; വ്യവസായ ആവശ്യത്തിനായി ഭൂമി നൽകിയവർക്ക് കെ.എസ്.ഐ.ഡി.സി. മുഖേന എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയത്; ഭൂമി വിട്ടുനൽകിയ ഓരോരുത്തർക്കും പുനരധിവാസത്തിനായി എത്ര സെന്റ് ഭൂമിയാണ് നൽകിയത്; വീടിനും സ്ഥലത്തിനും നഷ്ടപരിഹാരം നൽകിയ നഷ്ടപരിഹാരത്തുക മാർക്കറ്റ് വാല്യൂ അടിസ്ഥാനത്തിലാണോ നിർണ്ണയിച്ചത് ; | (എ) ചേന്നം പള്ളിപ്പുറം പഞ്ചായത്തിൽ വ്യവസായ വികസന കേന്ദ്രത്തിനായി 278.79 ഏക്കർ (112,8278 ഹെക്ടർ) ഭൂമിയാണ് ആകെ ഏറ്റെടുത്തിട്ടുള്ളത്. വ്യവസായ ആവശ്യത്തിനായി ഭൂമി നൽകിയവർക്ക് സ്ഥലമെടുപ്പ് കാലയളവിലെ ഭൂമിയുടെ മാർക്കറ്റ് വിലയനുസരിച്ചുള്ള പ്രതിഫലവും, കെ.എൽ.എ. ആക്റ്റിൽ പ്രതിപാദിച്ചിട്ടുള്ള ആനുകൂല്യങ്ങളുമാണ് നൽകിയത്. ഭൂമി വിട്ടു നൽകിയ ഒരേക്കറിൽ താഴെ ഭൂമിയുണ്ടായിരുന്നവരും, പ്രസ്തുത സ്ഥലത്തെ താമസക്കാരുമായിരുന്ന 176 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 19.57 ഏക്കർ (വഴിയുൾപ്പെടെ) വാസയോഗ്യമായ സ്ഥലം പൊന്നും വിലയ്ക്കെടുത്ത് 10 സെന്റ് വീതം ഓരോ കുടുംബത്തിനും സൗജന്യമായി നൽകിയിട്ടുണ്ട്.<br>വീടിനും സ്ഥലത്തിനും നഷ്ടപരിഹാരം നല്കിയ നഷ്ട പരിഹാരത്തുക കണക്കാക്കിയിട്ടുള്ളത് ഭൂമി ഏറ്റെടുത്ത കാലയളവിൽ സമീപ പ്രദേശത്ത് ഉണ്ടായിരുന്ന ഭൂമിയുടെ മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിലാണ്. കെട്ടിടങ്ങളുടെ വില നിശ്ചയിച്ചിട്ടുള്ളത് പി.ഡബ്ല്യൂ.ഡി എഞ്ചിനീയർമാരിൽ നിന്നും ലഭിച്ച വാല്യൂവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുമാണ്. |
| (ബി) വ്യവസായ വികസന കേന്ദ്രങ്ങളിലെ സംരംഭങ്ങളിൽ തൊഴിൽ ലഭിക്കുന്നതിന് ഭൂമി വിട്ടുനൽകിയവർക്ക് എന്തെങ്കിലും പരിഗണനയോ മുൻഗണനയോ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ നൽകുന്നതിന് തയ്യാറാകുമോ ; | (ബി) പുനരധിവാസ പദ്ധതി പ്രകാരം വ്യവസായ വികസന കേന്ദ്രങ്ങളിലെ സംരംഭങ്ങളിൽ തൊഴിൽ നല്കുന്നതിന് ഭൂമി വിട്ടു നൽകിയവർക്ക് എന്തെങ്കിലും പരിഗണനയോ, മുൻഗണനയോ നൽകുന്നില്ല. മാത്രവുമല്ല, സ്വകാര്യ സംരഭകരാണ് വ്യവസായ വികസന കേന്ദ്രത്തിൽ പ്രധാനമായും വ്യവസായം തുടങ്ങുന്നത്. അവർക്ക് ആവശ്യമുള്ള തൊഴിലാളികളുടെ നിയമനങ്ങൾ സ്വകാര്യ സംരഭകർ തന്നെയാണ് നടത്തുന്നത്. |

(സി) തുറവൂരിൽ കിൻഫ്രാ ഏറ്റെടുക്കവാൻ പോകുന്ന 125 ഏക്കർ ഭൂമിയിൽ പുനരധിവാസത്തിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്; ഭൂമിവിട്ടു നൽകിയവർക്ക് പള്ളിപ്പുറം മാതൃകയിൽ പുനരധിവാസപാക്കേജ് നടപ്പിലാക്കുമോ; തൊഴിലവസരങ്ങളിൽ ഭൂമി വിട്ടുനൽകിയവർക്ക് മുൻഗണന നൽകുമോ;

(ഡി) പുനരധിവാസ പ്രദേശങ്ങളിൽ വെള്ളം, വെളിച്ചം, ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഇ) ഭൂമി ഏറ്റെടുക്കൽ വേഗത്തിലാക്കുന്നതിനായി കിൻഫ്രായും വ്യവസായ വകുപ്പും ചേർന്ന് അടിയന്തിര യോഗം വിളിച്ചുചേർക്കുമോ; വ്യക്തമാക്കുമോ ?

(സി), (ഡി) & (ഇ)

തുറവൂരിൽ കിൻഫ്ര സ്ഥാപിക്കാനുദ്ദേശിക്കുന്ന വ്യവസായ പാർക്കിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ റവന്യൂ അധികാരികൾ ഇതുവരെ ആരംഭിച്ചിട്ടില്ല. ഈ ഏറ്റെടുക്കലിനെതിരെ ഭൂവുടമകൾ വ്യാപകമായി എതിർപ്പ് പ്രകടിപ്പിച്ചു കൊണ്ട് നിരവധി നിവേദനങ്ങൾ നല്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഭൂമി ''വലിയ പാടം'' എന്നറിയപ്പെടുന്ന പാടശേഖരമാണെന്നും കുറച്ചു വർഷങ്ങളായി ചില സാങ്കേതിക കാരണങ്ങളാൽ കൃഷി യോഗ്യമല്ലാതാകുകയും, കൃഷി നഷ്ടം വന്നതിനാൽ തരിശ്ശിടേണ്ടി വന്നതാണെന്നും, ജനകീയാസൂത്രണ പദ്ധതിയിൽ ഉൾ പ്പെടുത്തി പ്രസ്തുത പാടശേഖരം കൃഷിക്ക് യോഗ്യമാക്കി ശാശ്വതപരിഹാരം കാണണമെന്നും കാലാകാലങ്ങളായി ആവശ്യപ്പെട്ടു വരുന്നതുമാണെ--ന്നാണ് അവരുടെ പരാതി. മാത്രവുമല്ല പ്രസ്തുത ഭൂമി കേരള നെൽവയൽ തണ്ണീർത്തട വ്യവസ്ഥയിൽ നിന്നും ഒഴിവാക്കി കിട്ടിയതിനുശേഷം മാത്രമേ ഈ ഭൂമിയിൽ വ്യവസായ പാർക്ക് സ്ഥാപിക്കുവാനുള്ള ഭൂപരിവർത്തന പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുകയുള്ളൂ. ഭൂമി പരിവർത്തനം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന കിൻഫ്രയുടെ നിർ ദ്ദേശം സർക്കാർ പരിഗണിച്ച് വരികയാണ്. ലാൻഡ് അക്വിസിഷൻ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം 15.11.2011-ലെ സർക്കാർ ഉത്തരവ് നം. 419/2011/ആർ.ഡി പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർ.ദ്ദേശങ്ങൾക്കനുസരണമായി പുനരധിവാസവും മറ്റാനുകൂല്യങ്ങളും നൽകാൻ നടപടി സ്വീകരിക്കുന്നതായിരിക്കും.

സെക്ഷൻ ഓഫീസർ